REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 01-09-2026 സമയം 12.30 PM

## പ്രധാന വാർത്തകൾ

- ഇന്ത്യയുടെ 7.8 ശതമാനം സാമ്പത്തിക വളർച്ച 140 കോടി പൗരന്മാരുടെ കഠിനാധ്വാനത്തിന്റെയും കൂട്ടായ ദൃഢനിശ്ചയത്തിന്റെയും പ്രതിഫലനമാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി.
- ആഗോള സമ്പദ്‌വ്യവസ്ഥയിലുണ്ടാകുന്ന മാറ്റങ്ങൾക്കനുസരിച്ച് വളർച്ചാ പാതയിൽ നിന്ന് വ്യതിചലിക്കാതെ മുന്നോട്ട് പോകാൻ ഇന്ത്യയ്ക്ക് കഴിയുമെന്ന് കേന്ദ്ര ധന മന്ത്രി നിർമ്മല സീതാരാമൻ.
- കേരളത്തിന് പ്രത്യേകമായി ഒരു കായിക സർവ്വകലാശാല ആവശ്യമാണെന്ന് ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ.
- മുല്ലപ്പെരിയാർ അണക്കെട്ടിൽ സമഗ്ര സുരക്ഷാ പരിശോധന ആരംഭിച്ചു.
- ദേശീയ പോഷക വാരാചരണത്തിന് ഇന്ന് തുടക്കം.

## വാർത്തകൾ വിശദമായി

ഇന്ത്യയുടെ 7.8 ശതമാനം സാമ്പത്തിക വളർച്ച 140 കോടി പൗരന്മാരുടെ കഠിനാധ്വാനത്തിന്റെയും കൂട്ടായ ദൃഢനിശ്ചയത്തിന്റെയും പ്രതിഫലനമാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി പറഞ്ഞു. കോവിഡിന് ശേഷമുണ്ടായ യുദ്ധങ്ങൾ, അസ്ഥിരത തുടങ്ങിയ ആഗോള പ്രശ്നങ്ങൾക്കിടയിലും ഇന്ത്യ അതിവേഗം പുരോഗമിക്കുകയാണെന്നും സാമൂഹ്യമാധ്യമത്തിൽ ഒരു വീഡിയോ പങ്കുവെച്ചുകൊണ്ട് പ്രധാനമന്ത്രി പറഞ്ഞു. ഈ വളർച്ച നിലനിർത്തുന്നതിന്, ആത്മനിർഭർ ഭാരത് ആയി

മാറേണ്ടത് പ്രധാനമാണെന്നും പ്രധാനമന്ത്രി അറിയിച്ചു. വിദേശയാത്രകൾ പരിമിതപ്പെടുത്താനും, വിദേശരാജ്യങ്ങളിൽ വിവാഹങ്ങൾ ആസൂത്രണം ചെയ്യുന്നത് ഒഴിവാക്കാനും സ്വർണം വാങ്ങൽ പരിമിതപ്പെടുത്താനും പ്രധാനമന്ത്രി ആവശ്യപ്പെട്ടു.

✪✪✪

ആഗോള സമ്പദ്‌വ്യവസ്ഥയിലുണ്ടാകുന്ന മാറ്റങ്ങൾക്കനുസരിച്ച് വളർച്ചാ പാതയിൽ നിന്ന് വ്യതിചലിക്കാതെ മുന്നോട്ട് പോകാൻ ഇന്ത്യയ്ക്ക് കഴിയുമെന്ന് കേന്ദ്ര ധന മന്ത്രി നിർമ്മല സീതാരാമൻ പറഞ്ഞു. ഇറക്കുമതി ചെയ്യുന്ന ഊർജ്ജത്തെയും വളങ്ങളെയും രാജ്യം ആശ്രയിക്കുന്നുണ്ടെങ്കിലും, ബാഹ്യ വെല്ലുവിളികളെ നേരിടാൻ ശേഷിയുള്ളതും, ഊർജ്ജസ്വലവും സാഹചര്യങ്ങളോട് ക്രിയാത്മകമായി പ്രതികരിക്കുന്നതുമായ സമ്പദ്‌വ്യവസ്ഥയാണ് ഇന്ത്യയെന്ന് അവർ വിശേഷിപ്പിച്ചു. അമേരിക്കയിലെ ആഷ്‌വില്ലിൽ G- 20 ധനമന്ത്രിമാരുടെ യോഗത്തിൽ സംസാരിക്കുകയായിരുന്നു ധനമന്ത്രി.

✪✪✪

കേരളത്തിന് പ്രത്യേകമായി ഒരു കായിക സർവ്വകലാശാല ആവശ്യമാണെന്ന് ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ പറഞ്ഞു. ഇതിലൂടെ നിരവധി കായിക താരങ്ങളെ വളർത്തിയെടുക്കാൻ കഴിയുമെന്നും, കായിക മേഖലയിൽ കേരളത്തിൽ വലിയ പ്രാധാന്യമുണ്ടെന്നും അദ്ദേഹം പറഞ്ഞു. ഹോക്കി ഇതിഹാസം മേജർ ധ്യാൻചന്ദിന്റെ ജന്മദിനത്തോടനുബന്ധിച്ച് കേരള സർവകലാശാല സംഘടിപ്പിച്ച "Ek Ghanta Khel ke Maidan Mein" എന്ന പരിപാടി ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു ഗവർണർ.

ഒരു ദിവസത്തിൽ ഒരു മണിക്കൂർ എങ്കിലും എല്ലാവരും കായിക വിനോദങ്ങളിൽ ഏർപ്പെടണമെന്നും ഗവർണർ പറഞ്ഞു.

സംസ്ഥാനത്തെ കായിക മേഖലയിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്ന നടപടികളുമായി ഗവൺമെന്റ് മുന്നോട്ട് പോകുകയാണെന്ന് ചടങ്ങിൽ മുഖ്യാതിഥിയായി പങ്കെടുത്ത മന്ത്രി ഒ ജെ ജനീഷ് പറഞ്ഞു. മറ്റു സംസ്ഥാനങ്ങൾ കൊടുക്കുന്നതിനേക്കാൾ ഉയർന്ന അനുകൂല്യങ്ങൾ കായിക പ്രതിഭകൾക്ക് നൽകാൻ ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ടെന്നും പഠിക്കാൻ അല്പം പിറകിൽ പോയാലും കളിക്കാൻ പിറകോട്ട് പോകരുതെന്നും മന്ത്രി പറഞ്ഞു.

✪✪✪

രാജ്യത്ത് രണ്ടാഴ്ച നീളുന്ന സ്വച്ഛത പഖ്വാഡയ്ക്ക് ഇന്ന് തുടക്കമാകും. കേന്ദ്രമന്ത്രി ജെ പി നഡ്ഡ ഉദ്ഘാടനം ചെയ്യും. തൊഴിലിടങ്ങളിൽ ശുചിത്വം ഉറപ്പാക്കുക, പരിസ്ഥിതി സംരക്ഷണം പ്രോത്സാഹിപ്പിക്കുക, തൊഴിൽ സംസ്കാര ത്തിൽ ഗുണപരമായ മാറ്റങ്ങൾ കൊണ്ടുവരിക എന്നിവയാണ് പ്രചാരണത്തിന്റെ ലക്ഷ്യം.

✪✪✪

NCERT യുടെ 66-ാം സ്ഥാപക ദിനത്തിൽ കേന്ദ്ര മന്ത്രി പ്രൽഹാദ് ജോഷി വിദ്യാർത്ഥികൾക്ക് ആശംസ നേർന്നു. ഇന്ത്യയിലെ സ്കൂൾ വിദ്യാഭ്യാസം നവീകരിക്കുന്നതിലും , യുവതലമുറയുടെ ചിന്താശേഷി വളർത്തിയെടുക്കുന്നതിലും NCERT നിർണായക പങ്കു വഹിച്ചിട്ടുണ്ടെന്ന് അദ്ദേഹം സാമൂഹിക മാധ്യമത്തിൽ കുറിച്ചു .

✪✪✪

മുല്ലപ്പെരിയാർ അണക്കെട്ടിൽ സമഗ്ര സുരക്ഷാ പരിശോധന ആരംഭിച്ചു. സുപ്രീം കോടതി ഉത്തരവനുസരിച്ച് രൂപീകരിച്ച അഞ്ചംഗ വിദഗ്ദ്ധ സമിതിയാണ് പരിശോധനകൾ നടത്തുന്നത്.

ദേശീയ ജല വൈദ്യുത കോർപ്പറേഷൻ മുൻ സി.എം.ഡി ബൽരാജ് ജോഷി അധ്യക്ഷനായ സമിതിയിൽ ഒഡീഷ ജലവിഭവ വകുപ്പ് മുൻ മെമ്പർ സെക്രട്ടറി അശുതോഷ് ദാസ് ആണ് കേരളത്തിന്റെ പ്രതിനിധി.

കൂടുതൽ വിവരങ്ങളുമായി ഇടുക്കിയിൽ നിന്ന് രതീഷ് കൃഷ്ണ.

....(വോയ്സ്)........

✪✪✪

ദേശീയ പോഷക വാരാചരണത്തിന് ഇന്ന് തുടക്കം. എല്ലാ വർഷവും സെപ്റ്റംബർ ഒന്ന് മുതൽ 7 വരെയാണ് പോഷകവാരമായി ആചരിക്കുന്നത്.

പോഷകങ്ങളുടെ പ്രാധാന്യത്തെക്കുറിച്ച് ആളുകളെ ബോധവാന്മാരാക്കുക, ജനങ്ങളിലെ പോഷകാഹാരക്കുറവ് പരിഹരിക്കുക, കുട്ടികൾ, കൗമാരക്കാർ, ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ എന്നിവരിൽ പോഷകത്തിന്റെ പ്രാധാന്യം എത്തിക്കുക

തുടങ്ങിയ ലക്ഷ്യത്തോടെയാണ് പോഷകാഹാര വാരാചരണം സംഘടിപ്പിക്കുന്നത്.

✪✪✪

നേപ്പാളിലെ മിന്നൽ പ്രളയത്തിൽ മരിച്ചവരുടെ എണ്ണം 939 ആയി. 592 വിദേശികൾ ഉൾപ്പെടെ 3,925 പേരെയാണ് കാണാതായത്. 11,000 ത്തിലധികം ആളുകളെ രക്ഷപ്പെടുത്തി. രക്ഷാ പ്രവർത്തനങ്ങൾ ഊർജിതമായി തുടരുകയാണ്.

✪✪✪

നേപ്പാളിലെ മിന്നൽ പ്രളയത്തിൽ മരിച്ച വിദേശ പൗരന്മാരെ തിരിച്ചറിയുന്നതിനും മൃതദേഹങ്ങൾ കൈമാറാനും നടപടികൾ ആരംഭിച്ചതായി കാഠ്മണ്ഡുവിലെ ഇന്ത്യൻ എംബസി അറിയിച്ചു. വിദേശ പൗരന്മാരുടെ മൃതദേഹങ്ങൾ കൈമാറുന്നതിന് നേപ്പാൾ ഗവൺമെന്റിന്റെ നടപടിക്രമങ്ങൾ പാലിക്കണമെന്നും അധികൃതർ അറിയിച്ചു. ആരോഗ്യ പ്രശ്നങ്ങൾ ഒഴിവാക്കുന്നതിനായി ചില മൃതദേഹങ്ങൾ നേപ്പാൾ ഗവൺമെന്റ് താൽക്കാലികമായി സംസ്കരിച്ചിട്ടുണ്ടെന്നും ഇത്തരം മൃതദേഹങ്ങൾ തിരിച്ചറിയുന്നതിന് DNA പരിശോധന നടത്തുമെന്നും എംബസി അറിയിച്ചു.

✪✪✪

കൊല്ലം സ്വദേശിനി പരവൂർ കോങ്ങാൽ സ്വദേശിനി സുനന്ദ മണി രാജനെ നേപ്പാളിൽ കാണാതായി. ലണ്ടനിൽ നിന്ന് 16 ദിവസത്തെ മാനസ സരോവർ യാത്രക്ക് കഴിഞ്ഞ മാസം 22 നാണ് ഇവർ പുറപ്പെട്ടത്.

✪✪✪

'കവച് 4.0' പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഇന്ത്യൻ റെയിൽവേ 170 കോടി രൂപ അനുവദിച്ചു. നോർത്തേൺ റെയിൽവേയുടെ മൊറാദാബാദ് ഡിവിഷനിലെ ശേഷിക്കുന്ന 712 റൂട്ട് കിലോമീറ്റർ പാതയിലാണ് ഇത് നടപ്പാക്കുന്നത് .തദ്ദേശീയമായി വികസിപ്പിച്ച Automatic Train Protection system നടപ്പാക്കുന്നതിലൂടെ സുരക്ഷ കൂടുതൽ ശക്തിപ്പെടുമെന്ന് റെയിൽവേ മന്ത്രാലയം അറിയിച്ചു.

✪✪✪

രണ്ട് ദിവസത്തെ സന്ദർശനത്തിന് കിർഗിസ്ഥാനിലെത്തിയ പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് 26-ാമത് ഷാങ്ഹായ് സഹകരണ

സംഘടന ഉച്ചകോടിയെ അഭിസംബോധന ചെയ്യും. ഉച്ചകോടിയോടനുബന്ധിച്ച് ഇറാൻ പ്രസിഡന്റ് മസൂദ് പെസെഷ്കിയാനുമായി പ്രധാനമന്ത്രി ബിഷ്കെക്കിൽ ഉഭയകക്ഷി ചർച്ച നടത്തി. പശ്ചിമേഷ്യയിലെ സംഘർഷവുമായി ബന്ധപ്പെട്ട വിഷയങ്ങൾ ഇരുവരും ചർച്ച ചെയ്തു.

✪✪✪

നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി കാലിക്കറ്റിന്റെ 66-ാമത് സ്ഥാപകദിനാഘോഷം മുഖ്യമന്ത്രി VD സതീശൻ ഉദ്ഘാടനം ചെയ്തു. എൻ.ഐ.ടി കാലിക്കറ്റ് ഡയറക്ടർ പ്രൊഫ. പ്രസാദ് കൃഷ്ണ ചടങ്ങിൽ അധ്യക്ഷനായി.

✪✪✪

കരിവണ്ടി യുഗത്തിൽ നിന്ന് വന്ദേഭാരത് കാലത്തേക്ക് ആരോഗ്യമേഖലയെ മാറ്റുക എന്നതാണ് ഗവൺമെന്റിന്റെ ലക്ഷ്യമെന്ന് മന്ത്രി കെ.മുരളീധരൻ പറഞ്ഞു. ആരോഗ്യമേഖലയിൽ പ്രശ്നങ്ങൾ ഏറെയുണ്ടെന്നും സമഗ്രമാറ്റം ഘട്ടംഘട്ടമായി നടപ്പാക്കുമെന്നും മന്ത്രി പറഞ്ഞു.

കണ്ണൂർ പിലാത്തറയിലെ സന്നദ്ധ സംഘടനയായ ഹോപ്പിന്റെ 22 -ാം വാർഷികവും സ്ഥാപകദിനാഘോഷവും ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

✪✪✪

അങ്കണവാടി കുട്ടികളുടെ ആരോഗ്യപരിശോധനാ പദ്ധതി 'ബാല്യസ്പന്ദനത്തിന്റെ' സംസ്ഥാനതല പരിപാടി മന്ത്രി ബിന്ദു കൃഷ്ണ നാളെ ഉദ്ഘാടനം ചെയ്യും. തിരുവനന്തപുരം വട്ടിയൂർക്കാവ് കൊടുങ്ങാനൂരിലെ കുടുംബാരോഗ്യ കേന്ദ്രത്തിലാണ് ചടങ്ങ്. അങ്കണവാടികളിലൂടെ സേവനം ലഭിച്ചുവരുന്ന മുഴുവൻ കുട്ടികൾക്കും സമയബന്ധിതമായി ആരോഗ്യ പരിശോധന ഉറപ്പാക്കുകയും തുടർചികിത്സയും നിരീക്ഷണവും ലഭ്യമാക്കുകയുമാണ് ത്രൈമാസ ആരോഗ്യ പദ്ധതിയുടെ ലക്ഷ്യം.

✪✪✪

അമീബിക് മസ്തിഷ്കജ്വരം ബാധിച്ച് കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിൽ ചികിത്സയിലായിരുന്ന യുവാവ് മരിച്ചു. മലപ്പുറം ആതവനാട്  പിലാത്തറ സ്വദേശി മുഹമ്മദ് ഷഫീഖ് ആണ് മരിച്ചത്.  ആതവനാട് പഞ്ചായത്തിലെ ചെലൂർ ഭരണികുളത്തിൽ കുളിച്ചതിൽ നിന്നാകാം അമീബ ശരീരത്തിൽ പ്രവേശിച്ചതെന്നാണ് ആരോഗ്യവകുപ്പിന്റെയും ജില്ലാ ഭരണകൂടത്തിന്റെയും പ്രാഥമിക നിഗമനം.

✪✪✪

പ്രതിപക്ഷ ഉപ നേതൃസ്ഥാനമെന്നത് സി പി ഐക്ക് അർഹതപ്പെട്ട കാര്യമായതിനാലാണ് ചോദിച്ചതെന്നും അത് തങ്ങൾക്ക് തന്നെ ലഭിക്കുമെന്നും സി പി ഐ നിയമസഭാ കക്ഷി നേതാവ് കെ രാജൻ പറഞ്ഞു.

ഈ ആത്മവിശ്വാസമാണ് സംസ്ഥാന സെക്രട്ടറിയടക്കം നേതാക്കളിലുള്ളതെന്നും രാജൻ ഡൽഹിയിൽ മാധ്യമങ്ങളോട് പറഞ്ഞു.

✪✪✪

ഇടതുമുന്നണിയെ തകർക്കുന്ന നീക്കം CPI യുടെ ഭാഗത്തുനിന്നുണ്ടാകില്ലെന്ന് സംസ്ഥാന സെക്രട്ടറി ബിനോയ് വിശ്വം പറഞ്ഞു. CPI നിയമസഭയിൽ പ്രത്യേക ബ്ലോക്കായി ഇരിക്കുമോയെന്നത് ഇപ്പോൾ അറിയില്ലെന്നും ബിനോയ് വിശ്വം ഡൽഹിയിൽ പറഞ്ഞു.

✪✪✪

ഇന്നലെ അന്തരിച്ച സംഗീതസംവിധായകനും തബലിസ്റ്റുമായ കോഴിക്കോട് അബൂബക്കറിന്റെ സംസ്കാരം അല്പസമയത്തിനകം മാത്തോട്ടം ഖബർസ്ഥാൻ ജുമാ മസ്ജിദിൽ നടത്തും. സ്വതസിദ്ധമായ ഈണങ്ങളിലൂടെ സംഗീതലോകത്തിന് മൂവായിരത്തിലധികം അനശ്വരഗാനങ്ങൾ സമ്മാനിച്ച കലാകാരനാണ് കോഴിക്കോട് അബൂബക്കർ.

✪✪✪

ഓണക്കാലത്ത് ഞായറാഴ്ചയും തുറന്ന് പ്രവർത്തിച്ചതിനാൽ ഇന്നും നാളെയും റേഷൻ കടകൾക്ക് അവധി. സെപ്തംബറിലെ വിതരണം മറ്റന്നാൾ ആരംഭിക്കും. പിങ്ക് , നീല, വെള്ള , ബ്രൗൺ റേഷൻ കാർഡ്

ഉടമകൾക്ക് സെപ്റ്റംബറിലും കിലോയ്ക്ക് 26 രൂപ വില വരുന്ന സ്പെഷ്യൽ അരി ലഭിക്കുമെന്ന് അധികൃതർ അറിയിച്ചു.

✪✪✪

സിപിഐഎം നിയന്ത്രണത്തിലെ കണ്ണൂർ ഇരിട്ടി നോർത്ത് മലബാർ എജുക്കേഷണൽ സൊസൈറ്റിക്കെതിരെ വ്യാജ പ്രചാരണമാണ് നടക്കുന്നതെന്ന് സൊസൈറ്റി ഭാരവാഹികൾ വാർത്താ സമ്മേളനത്തിൽ അറിയിച്ചു. 327 പേരിൽ നിന്ന് 23 ലക്ഷത്തി 93 ആയിരം രൂപ മാത്രമാണ് സമാഹരിച്ചത്. പണം അടച്ചവർക്കെല്ലാം ഓഹരി സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ടെന്നും ഓഹരിയുടമകളുടെ യോഗം വിളിച്ചുചേർത്ത് ഭാവി പ്രവർത്തനങ്ങൾ തീരുമാനിക്കുമെന്നും സൊസൈറ്റി ഭാരവാഹികൾ അറിയിച്ചു.

✪✪✪

തിരുവല്ല ഇരവിപേരൂരിൽ ഒപ്പമിരുന്ന് മദ്യപിച്ച സുഹൃത്തിനെ കിണറ്റിൽ തള്ളിയിട്ട് കൊലപ്പെടുത്തിയ കേസിൽ രണ്ടുപേരെ തിരുവല്ല പോലീസ് അറസ്റ്റ് ചെയ്തു .തിരുവല്ല കുടമലയിൽ വൈശാഖ് ബാബു , ഇരവിപേരൂർ സ്വദേശി ജോജു ജോൺ എബ്രഹാം എന്നിവരാണ് തിരുവല്ല പോലീസിന്റെ പിടിയിലായത്. കുളക്കാട്ടിൽ സ്വദേശി ജൂവൽ ജോണിനെയാണ് ഇവർ കിണറ്റിൽ തള്ളിയിട്ട് കൊലപ്പെടുത്തി.

✪✪✪

നാലാമത് ഇന്തോ-ജർമ്മൻ പരിസ്ഥിതി ഫോറം ഇന്ന് ന്യൂഡൽഹിയിൽ ചേരും. കേന്ദ്ര പരിസ്ഥിതിമന്ത്രി ഭൂപേന്ദർ യാദവും ജർമ്മനിയുടെ പരിസ്ഥിതി മന്ത്രിയും സംയുക്ത അധ്യക്ഷത വഹിക്കും. പരിസ്ഥിതി, കാലാവസ്ഥാ വ്യതിയാനം എന്നീ വിഷയങ്ങളിൽ ഉഭയകക്ഷി സഹകരണം ശക്തിപ്പെടുത്തുന്നത് ലക്ഷ്യമിട്ടാണ് പരിസ്ഥിതി ഫോറം സംഘടിപ്പിക്കുന്നത്.

✪✪✪

---

*News Editor ശ്രുതി എം*
*News Reader: മണികണ്ഠൻ*
*News Team:, AV ഫർദിസ്, ജാസ്മി*
*DEO: ഷീബ*